"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കോഴിക്കോട് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ.എ.കെ.സിദ്ധാർത്ഥന്റെ, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടറായുള്ള അന്യത്ര സേവനം, ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.611/2023/AGRI തീയതി,തിരുവനന്തപുരം, 23-06-2023

---

പരാമർശം:-
1. സ.ഉ.(സാധാ) നം.473/2021/കൃഷി തീയതി : 10-06-2021
2. സ.ഉ.(സാധാ) നം.434/2022/കൃഷി തീയതി : 23-05-2022
3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 05-06-2023-ലെ ADFW/5797/2023-SB2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചു വന്നിരുന്ന, കോഴിക്കോട് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ.എ.കെ.സിദ്ധാർത്ഥനെ, പരാമർശം (2) പ്രകാരം കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിൽ അംഗമായും, മാനേജിംഗ് ഡയറക്ടറായും ഒരു വർഷത്തേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു.

മാനേജിംഗ് ഡയറക്ടറായുള്ള ശ്രീ.എ.കെ.സിദ്ധാർത്ഥന്റെ സേവന കാലയളവ് 22-05-2023-ൽ അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ, ടിയാന്റെ പേർക്ക് പരാമർശം (3) പ്രകാരം ലഭ്യമായിട്ടുള്ള നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിൽ അംഗമായും, മാനേജിംഗ് ഡയറക്ടറായുള്ള ശ്രീ.എ.കെ.സിദ്ധാർത്ഥന്റെ അന്യത്ര സേവന കാലാവധി 23.05.2023 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജെസ്സി ജോർജ്

അഡിഷണൽ സെക്രട്ടറി

ശ്രീ.എ.കെ.സിദ്ധാർത്ഥൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസ്, കോഴിക്കോട്

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ

കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക്

(എം.ഡി. മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക് വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു കൃഷി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്